**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നമ്മുടെ സംസ്ഥാനത്തെ ധനകാര്യ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020-21 –ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22 –ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. ജി.എസ്.ഡി.പി യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 –ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടിയിലൂടെ എത്ര രൂപ വരുമാനം ലഭിച്ചു; ജി.എസ്.ടി/ഐ.ജി.എസ്.ടി. എന്നിങ്ങനെയുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ്ഹോക്ക് ആയി ലഭിച്ച തുക) ചുവടെ ചേർക്കുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വരുമാനത്തിലും നഷ്ടം സംഭവിച്ചതിനാൽ സംസ്ഥാന ജി.എസ്.ടിയിൽ വന്ന ഇടിവ് എപ്രകാരം പരിഹരിച്ചുവെന്നറിയിക്കാമോ? | (സി) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദ്ദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുവദിച്ച അധിക വായ്പയും അനാവശ്യ |

| | | | |
|---|---|---|---|
| | | | ചെലവുകൾ നിയന്ത്രിച്ചുമാണ് സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം ധനസ്ഥിതി പരിപാലിച്ചത്. |

സെക്ഷൻ ഓഫീസർ

2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ്ഹോക്ക് ആയി ലഭിച്ച തുക) ചുവടെ ചേർക്കുന്നു.

(Rs. in crore)

| SGST | IGST Settlement | IGST Ad hoc | Recovery | Compensation (Including loan) received |
|---|---|---|---|---|
| 8337.35 | 9343.07 | 1596.11 | 146.36 | 8973.41 |